DESPATCHED On...22/06/2020

12.5-20.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം, തിരുവനന്തപുരം 695 001

Tel:0471 -2561628, 2561633,2561615
Email: sic.ker@nic.in

ഹർജി നമ്പർ **AP.57(2)/2019**/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം.230/എസ്.ഐ.സി-ജി 6/19

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

**റവ.ഫാ.ജോർജ്ജ് പി.എസ്
പ്രൊക്കുറേറ്റർ
മലങ്കര സുറിയാനി കത്തോലിക്ക സഭ
പത്തനംതിട്ട രൂപത
നന്നുവക്കാട്.പി.ഒ–689645
പത്തനംതിട്ട ജില്ല** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
വില്ലേജ് ഓഫീസർ
വില്ലേജ് ഓഫീസ്
കൂടൽ പി.ഒ
പിൻ–689 693
പത്തനംതിട്ട ജില്ല** } **എതിർകക്ഷികൾ**
2. **അപ്പീൽ അധികാരി ആന്റ്
തഹസീൽദാർ
കോന്നി
പത്തനംതിട്ട**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 08.10.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 09.11.2018 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 05.12.2018 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 13.12.2018 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 03.01.2019 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 05.01.2019 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 03.02.2020 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 11.02.2020 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 14.02.2020 , വീഡിയോ കോൺഫറൻസ് ഹാൾ കളക്ടറേറ്റ് പത്തനംതിട്ട |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നില്ല<br>ഹാജരായിരുന്നു |

# ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ തെറ്റിദ്ധാകരണാജനകമായ വിവരങ്ങൾ നൽകുകയും, പ്രസക്തമായ വിവരങ്ങൾ നൽകാതിരിക്കുകയും ചെയ്തുവെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 08.10.2018 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ മലങ്കര സുറിയാനി സഭയുടെ ആർച്ച് ബിഷപ്പ് പി.റ്റി ഗീവർഗ്ഗീസ് എന്നു തിരുനാമം ഉള്ള നിദാന്ത വന്ദ്യ ദിവ്യശ്രീ മാർ ഇവാനിയോസ് മെത്രാപ്പോലീത്തായുടെ പേരിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന 5 ഏക്കർ സ്ഥലം സംബന്ധച്ച വിവരങ്ങളാണ് ആവശ്യപ്പെട്ടത് ആയതിൽ ഇനം 1 ൽ ടി 5 ഏക്കർ സ്ഥലം പോക്കുവരവ് ചെയ്തു കൊടുത്തിട്ടുണ്ടോയെന്നും ഇനം 2 ൽ പോക്കുവരവ് ചെയ്ത് കൊടുത്തുവെങ്കിൽ ഏത് വർഷം, എന്നും തുടങ്ങി 8 ഇനങ്ങളിലായുള്ള വിവരങ്ങളാണ് ആവശ്യപ്പെട്ടത്.

3. മേൽപ്പടി അപേക്ഷയ്ക്ക് മറുപടി ലഭിച്ചില്ലെന്ന് കാണിച്ച 05.12.2018 ൽ ഹർജിക്കാരൻ അപ്പീൽ അപേക്ഷ നൽകുകയും, 13.12.2018 ന് അപ്പീലധികാരി മറുപടി നൽകുകയും ചെയ്തു. ആയതിൽ 09.11.2018 ൽ കൂടൽ വില്ലേജ് ഓഫീസർ മറുപടി നൽകിയതായി കാണുന്നുവെന്നും ടി മറുപടിയുടെ പകർപ്പ് അപ്പീൽ കക്ഷിക്ക് നൽകുന്നുവെന്നുമാണ് ബോധിപ്പിച്ചിരിക്കുന്നത്.

4. 11.02.2020 ൽ കമ്മീഷനിൽ ലഭിച്ച റിപ്പോർട്ടിൽ 166/1, 166/2, 166/6 എന്നീ സർവ്വേ നമ്പറുകളുടെ പഴയ സർവ്വേനമ്പർ 924/1/128 എന്നു സ്ഥാപിക്കാൻ അപേക്ഷയിൽ ആമുഖമായി പറഞ്ഞിരുന്നുവെന്നും, വില്ലേജ് ഓഫീസിലെ രേഖകൾ അതിനോട് യോജിക്കുന്നില്ലെന്നും അത് ഹർജിക്കാരനെ അറിയിച്ചിരുന്നുവെന്നും, 166/6 എന്ന സർവ്വേ നമ്പർ നിലവിലില്ലാത്തതുമാണെന്നും മുൻസർവ്വേ നമ്പരായ 924/1/128 ഉം നിലവിലില്ലെന്നും 166 എന്ന റീസർവ്വേ നമ്പറിന്റെ മുൻ സർവ്വേ നമ്പർ കാണിക്കുന്ന ബി.റ്റി.ആർ രേഖ സമർപ്പിക്കുന്നുവെന്നും അപേക്ഷകനെ തെറ്റിദ്ധരിപ്പിക്കാൻ ഒരു ശ്രമവും നടത്തിയില്ലെന്നുമാണ് പ്രസ്താവിച്ചിരിക്കുന്നത്. 8-ാം നമ്പർ ചോദ്യത്തിന് 924/310 എന്നതാണ് പഴയ സർവ്വേ നമ്പർ എന്നും, 116/6 എന്ന റീസർവ്വേ നമ്പറിന്റെ ബി.റ്റി.ആർ കോപ്പിയും, 09.11.2018 ന് മറുപടി നൽകിയ ആർ.ടി.ഐ രജിസ്റ്ററിന്റെ പകർപ്പും സമർപ്പിക്കുന്നുവെന്നുമാണ് ബോധിപ്പിച്ചിരിക്കുന്നത്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ നേരിൽ കേട്ടതിലും ഹർജിക്കാരൻ നൽകിയ അപേക്ഷയ്ക്ക് ലഭ്യമായ മറുപടി എസ്.പി.ഐ.ഒ നൽകിയതായി കാണുന്നു. എന്നാൽ 06.03.2020 ൽ അപേക്ഷകൻ വീണ്ടും ഒരു പരാതി കമ്മീഷനിലേയ്ക്ക് സമർപ്പിച്ചത് പരിഗണിച്ച്, ഹർജിക്കാരന് സെക്ഷൻ 7(9) പ്രകാരം ഫയലുകൾ പരിശോധിക്കാനും ആവശ്യമായ രേഖകളുടെ പകർപ്പ് നൽകുവാനും കമ്മീഷൻ ഉത്തരവാകുന്നു. ആയതിൻ പ്രകാരം ടി അപ്പീൽ ഹർജിയിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്ന് കണ്ട് ഇന്നേ ദിവസം 2020 മേയ് 12-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

res